File No. TCPTSR/513/2022-C2

# തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം-തൃശ്ശൂർ

## നടപടിക്രമങ്ങൾ

**ഹാജർ: ശ്രീ. രാജീവ്.കെ.ആർ**

ഫോൺ : 0487- 2363003
ഇ-മെയിൽtptsr.lsgdplng@kerala.gov.in

വിഷയം : തൃശ്ശൂർ ജില്ല-കുന്നംകുളം നഗരസഭ ചൊവ്വന്നൂർ വില്ലേജ് റീ/സർവേ നമ്പർ 170/22 170/6,170/6-1 ൽ ഉൾപ്പെട്ട സ്ഥലത്ത് ഗ്രൂപ്പ് I ഹസാഡസ് കെട്ടിട നിർമ്മാണം ലേ-ഔട്ട് അംഗീകാരം സംബന്ധിച്ച്

പരാമർശം : കുന്നംകുളം നഗരസഭ സെക്രട്ടറിയുടെ 01/08/2022 തിയ്യതിയിലെ E2-12779/21 BA:150/21-22 നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ** :TCPTSR/ 513/2022-C2-Ddis **തിയ്യതി** : 23/08/2022

---

## ലേ ഔട്ട്-നമ്പർ : 19/2022

തൃശ്ശൂർ ജില്ല കുന്നംകുളം നഗരസഭ ചൊവ്വന്നൂർ വില്ലേജ് റീ/സർവേ 170/22, 170/6, 170/6-1 ഉൾപ്പെട്ട 0.5520 ഹെക്ടർ സ്ഥലത്ത് 252.00 $m^2$ വിസ്തൃതിയിൽ കനോപ്പിയും , 29.84 $m^2$ വിസ്തൃതിയിൽ സെയിൽസ് കെട്ടിടവും 114.45$m^2$ വിസ്തൃതിയിൽ സ്റ്റോറേജ് കെട്ടിടവും 123.06.00 $m^2$ വിസ്തൃതിയിൽ ഓഫീസ് കെട്ടിടവും 16.00 $m^2$ വിസ്തൃതിയിൽ ടോയ്ലറ്റ് ബ്ലോക്കും ഉൾപ്പെടെ 535.35 $m^2$ വിസ്തൃതിയിൽ ഗ്രൂപ്പ് 1 ഹസാഡസ് ഗണത്തിൽപ്പെട്ട കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന പ്ലാനുകൾ അനുസരിച്ച് ചട്ടം 5(6)(b) യിൽ നിഷ്കർഷിച്ചിരിക്കുന്ന നിയമങ്ങൾക്കനുസരിച്ച് ചട്ടം 30 Table II (g)(2) പ്രകാരം താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ലേ-ഔട്ട് അംഗീകാരവും ടി.സ്ഥലത്തിന്റെ മേൽപ്പടി ഉപയോഗത്തിനുള്ള അംഗീകാരവും നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർദ്ദിഷ്ട നിർമ്മാണം KMBR-2019 ലെ ബാധകമായ മുഴുവൻ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. KMBR-2019 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, അളവുകൾ, അതിരുകൾ, സർവ്വെ നമ്പറുകൾ, വിസ്തീർണ്ണം, ഭൂമിയുടെ സ്വഭാവം, അപേക്ഷകന്റെ നിർമ്മാണാവകാശം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കനുസൃതമായി സജ്ജീകരിക്കേണ്ടതാണ്.
4. ജില്ലാ കളക്ടർ, ഫയർ ആന്റ് റസ്ക്യൂ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, Ancient Monuments & Archaeological Sites and Remains Act (A&V),2010 തുടങ്ങി ബാധകമായ വകുപ്പ്/ഏജൻസികളിൽ നിന്നും നിയമാനുസൃതം ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാക്കേണ്ടതും അവയിലെ നിബന്ധനകൾ പാലിക്കേണ്ടതുമാണ്.
5. Ancient Monuments & Archaeological Sites and Remains Act (A&V),2010 dtd.29/06/2021Tvm,പ്രകാരം.170/6-1,6 എന്നീ സർവ്വേ നമ്പറുകൾ ഉൾപ്പെട്ട സ്ഥലത്താണ് നിർമ്മാണം അനുവദിച്ചിട്ടുള്ളത്.എന്നാൽ അപേക്ഷയിൽ റീ സർവ്വേ നമ്പർ 170/22 കൂടി ഉൾപ്പെട്ടതായി കാണുന്നു. ആയതിനാൽ ടി. സ്ഥലം കൂടി Ancient Monuments & Archaeological Sites ന്റെ പരിധിയിൽ വരുമോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

6. Office, Storage എന്നീ കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ടൂവീലേഴ്സ് പാർക്കിംഗ് Disable പേഴ്സന് ആവശ്യമായ കാർ പാർക്കിംഗ് എന്നിവ ചട്ടപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഡ്രോയിങ് ലഭ്യമാക്കേണ്ടതാണ്.
7. നിർദ്ദിഷ്ട നിർമ്മാണങ്ങളുടെ Joinery details രേഖപ്പെടുത്തിയ ഡ്രോയിങ് ലഭ്യമാകേണ്ടതാണ്.
8. Rule 34(2)c,d പ്രകാരം കുടിവെള്ള സൗകര്യം , വാഷിംഗ് സൗകര്യം എന്നിവ രേഖപ്പെടുത്തിയ പ്ലാൻ ലഭ്യമാക്കേണ്ടതാണ്.
9. പ്രസ്തുത പ്ലോട്ടിലൂടെ കടന്ന് പോകുന്ന 110 k V ഹൈ ടെൻഷൻ ടവർ ലൈൻ നിർദ്ദിഷ്ട നിർമ്മാണങ്ങളേയും പ്രവർത്തനങ്ങളുടെ സുരക്ഷയേയും ബാധിക്കുകയില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. ടി.നിർമ്മാണവും പ്രവർത്തനവും പരിസരവാസികളുടെ സൈ്വരജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. നിർദ്ദിഷ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.
12. നിർദ്ദിഷ്ട നിർമ്മാണസ്ഥലം Road-ന്റെ വികസനവുമായി ബന്ധപ്പെട്ട നിയമങ്ങൾ ബാധകമാണോയെന്നും, ടി. നിർമ്മാണത്തിന് ലംഘനമില്ല എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തണം .
13. 2002-ലെ Petroleum and explosive safety organization ചട്ടങ്ങൾക്ക് വിധേയമായി അനുമതി ലഭ്യമാക്കേണ്ടതും നിർമ്മാണം നടത്തേണ്ടതുമാണ്.
14. Ancient Monuments & Archaeological Sites and Remains Act (A & V),2010 പ്രകാരം ദേശീയ പ്രധാനമുള്ള സംരക്ഷിത സ്മാരകത്തിന്റെ നിയന്ത്രിത മേഖലക്കുള്ളിൽനിന്നും നിർമ്മാണം നടത്തുന്നതിനുള്ള പുരാവസ്തു വകുപ്പ് ഡയറക്ടറുടെ (Competent Authority) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
15. നിർദ്ദിഷ്ട നിർമ്മാണം സംബന്ധിച്ച പരാതിയിൽ നിയമാനുസൃതം നടപടി സ്വീകരിക്കണം.
16. നിർദ്ദിഷ്ട നിർമ്മാണങ്ങൾ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
17. മേൽപറഞ്ഞ നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ ഒക്യുപ്പൻസി നൽകുവാൻ പാടുള്ളു.

ഈ ഉത്തരവ് നിർമ്മാണം തുടങ്ങുന്നതിനുള്ളതല്ല. നിർമ്മാണം തുടങ്ങുന്നതിനു മുമ്പ് നഗരസഭ സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയിരിക്കണം.

വിശ്വസ്തതയോടെ

ജില്ലാ നഗരാസൂത്രകൻ

സെക്രട്ടറി, കുന്നംകുളം നഗരസഭ (പ്ലാൻ ഒരു സെറ്റ് സഹിതം)

പകർപ്പ്

ശ്രീ. ദീപു ജോൺ, ഇൻഡ്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്, 3 rd ഫ്ലോർ, തൃശ്ശൂർ ട്രെയ്ഡ് സെന്റർ-680001

DESPATCHED 24/8/2022